പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 843

08.03.2012-ൽ മറുപടിയ്ക്ക്

## ദേവസ്വം നിയമനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീമതി കെ.കെ. ലതിക | | ശ്രീ. വി.എസ്. ശിവകുമാർ,<br>ഗതാഗതവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| (എ) ദേവസ്വം നിയമനത്തിന് നിലവിലുള്ള സംവിധാനം എന്താണ്; | (എ) | തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിലേക്കും ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വങ്ങളിലേക്കും അതാത് ദേവസ്വം ബോർഡുകളാണ് നിയമനങ്ങൾ നടത്തുന്നത്. മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ അതാത് ട്രസ്റ്റിമാരാണ് നിയമനങ്ങൾ നടത്തുന്നത്. |
| (ബി) പ്രസ്തുതസംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ;<br>(സി) എങ്കിൽ എന്തു മാറ്റമാണ് വരുത്താൻ ഉദ്ദേശിക്കുന്നത്; മാറ്റം വരുത്താൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ? | (ബി) & (സി) | ദേവസ്വം നിയമനങ്ങൾക്കായി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മതാതിഷ്ഠിത സ്ഥാപനങ്ങളിലെ നിയമനം സെക്കുലർ സ്ഥാപനമായ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടതിനെതിരെ പരാതികൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിലും ദേവസ്വം റിക്രൂട്ടുമെന്റ് ബോർഡ് രൂപീകരിക്കണമെന്ന ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, ദേവസ്വം നിയമനങ്ങൾക്കായി ഒരു റിക്രൂട്ടുമെന്റ് ബോർഡ് രൂപീകരിക്കുന്നതിനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി സർക്കാർ ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയും, ഈ ഉപസമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദേവസ്വം നിയമനങ്ങൾക്കായി ദേവസ്വം റിക്രൂട്ടുമെന്റ് ബോർഡ് രൂപീകരിക്കുവാൻ സർക്കാർ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കരട് നിയമത്തിന് അന്തിമ രൂപം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ